(ബി) ഈ സ്കൂളിൽ സ്ഥലപരിമിതിമൂലം കുട്ടികൾക്ക് കളിക്കാനുള്ള ഗ്രൗണ്ടും മറ്റ് സൗകര്യങ്ങളും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂളിനു ഗ്രൗണ്ട് നിർമ്മിക്കുന്നതിന് പി. ഡബ്ല്യു. ഡി.-യുടെ കൈവശമുള്ള പ്രസ്തുത ഭൂമി വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) വ്യക്തിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം വിദ്യാഭ്യാസ വകുപ്പിൽ നിന്നു ശേഖരിച്ച് നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പരാതി പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിലെ ഓരിക്കടവ് പാലം നിർമ്മാണം

36 [2336] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഓരിക്കടവ് പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സമയബന്ധിതമായി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 31-12-2006-നകം പണി തീർക്കണമെന്നതാണ് കരാർ.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

സ്റ്റേറ്റ് ഹൈവേ 34

37 [2337] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽനിന്നും ആരംഭിച്ച് എടവണ്ണ വരെ പോകുന്ന സ്റ്റേറ്റ് ഹൈവേ 34 മണ്ണാർക്കാട് വരെ നീട്ടുകയും പേര് മാറ്റുകയും ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കിനുള്ള ഒരു പരിഹാര നടപടി എന്ന നിലയിൽ ഈ നിർദ്ദേശം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) നിർദ്ദേശം ലഭിച്ചാൽ പരിഗണിക്കാവുന്നതാണ്,

LIBRARY ARCHIVES Kerala Legislative Assembly